LIBRARY ARCHIVES Kerala Legislative Assembly

**കായികതാരങ്ങളെ വാർത്തെടുക്കുന്നതിന് പദ്ധതികൾ**

304 (308) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കായിക താരങ്ങളെ വാർത്തെടുക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളത് ; ഇവയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ കളിസ്ഥലങ്ങളും സ്പോർട്സ് പഠന പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു*

(ബി) ഗ്രാമീണതലങ്ങളിൽ കായിക പരിശീലനത്തിനും കളികൾ നടത്തുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച് ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും കൂടുതൽ കായികപ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2008 മുതൽ നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ "പൈക്ക" എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ 1-4-2014 മുതൽ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" RGKA എന്ന് പുനഃനാമകരണം ചെയ്ത് കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ പദ്ധതിപ്രകാരം ഗ്രാമീണതലങ്ങളിൽ കളിസ്ഥലങ്ങളുടെ അടിസ്ഥാന വികസനത്തിന് ഊന്നൽ നൽകി ബ്ലോക്ക് തലങ്ങളിൽ ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന രീതിയിലാണ് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. പഞ്ചായത്തുകളിൽ കായികതാരങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റൂറൽ കോച്ചിംഗ് സെന്റേഴ്സ്, 15-ഓളം റൂറൽ കോച്ചിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

**ദേശീയ ഗെയിംസിനുവേണ്ടി ഉപയോഗിച്ച സ്റ്റേഡിയങ്ങളുടെ സംരക്ഷണം**

305 (309) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനുവേണ്ടി നവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.